# കെ എസ് ടി എ സംസ്ഥാന കമ്മിറ്റി
## പ്രമേയം

## സർക്കാർ അധ്യാപകദ്രോഹ നടപടികൾ അവസാനിപ്പിക്കണം

കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് നിദാനമായ പൊതുവിദ്യാഭ്യാസ രംഗം ഇന്ന് കുത്തഴിഞ്ഞ അവസ്ഥയിലാണ്. ഈ ദുരവസ്ഥയിൽ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുപോലെ ആശങ്കപ്പെടുന്നു. കാലാകാലങ്ങളിൽ അധികാരത്തിലേറിയ യുഡിഎഫ് സർക്കാരുകളുടെ വികല നയങ്ങളുടെ ഫലമായിട്ടാണ് ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കപ്പെട്ടത്.

നവലിബറൽ നയങ്ങളുടെ ഗുണഭോക്താക്കളായ വാണിജ്യശക്തികളുടെ പിൻബലത്തോടെയാണ് കോൺഗ്രസ് ഗവൺമെന്റുകൾ പൊതുവിദ്യാലയങ്ങളെ ദുർബലപ്പെടുത്തിയത്. ഈ മേഖലയിൽ പണിയെടുത്ത് ഉപജീവനം നടത്തുന്ന പതിനായിരക്കണക്കിന് അധ്യാപകരുടെ ജോലി സംരക്ഷണം നഷ്ടപ്പെടുത്തി. ഇതിനെതിരായി കെഎസ്ടിഎ നടത്തിയ നിരവധി പ്രക്ഷോഭങ്ങളുടെ ഫലമായി അധ്യാപകരെ സംരക്ഷിക്കുന്നതിനായി മാത്രം സർക്കാർ-എയ്ഡഡ് മേഖലകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 യും 1:35 വും ആക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഉത്തരവ് സർക്കാർ വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിൽ നിന്നും ഇപ്പോൾ സർക്കാർ പിൻവാങ്ങി. ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള അധ്യാപകരെ പാർട് ടൈം ഇൻസ്ട്രക്ടർമാരായി തരംതാഴ്ത്തുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. സർക്കാർ സ്കൂളുകളെ ഓരോ യൂണിറ്റായി പരിഗണിച്ച് അധ്യാപക വിദ്യാർത്ഥി അനുപാതം 1:30/1:35 ആയി കുറച്ച് തസ്തിക നഷ്ട്പെടുന്നവരെ അതാത് വിദ്യാലയങ്ങളിൽ നിലനിർത്തിയിരുന്ന തസ്തിക നഷ്ടപ്പെട്ടവരെ ഒരു മാനദണ്ഡവും പാലിക്കാതെ വിദൂര സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റുന്നു. യുഡിഎഫ് സർക്കാരിന്റെ വിദ്യാഭ്യാസ മേഖലയിലെ പ്രതിലോമ നയങ്ങൾ അധ്യാപകരുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്തി.

രണ്ടാം പാദവാർഷിക പരീക്ഷ ആസന്നമായിട്ടും വിദ്യാർത്ഥികൾക്കാവശ്യമായ രണ്ടാംഭാഗ പാഠപുസ്തകങ്ങൾ വിതരണം ചെയ്തിട്ടില്ല. ഈ വർഷം സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സൗജന്യയൂണിഫോം നാളിതുവരെയും വിതരണം ചെയ്യാൻ കഴിയാത്തത് സർക്കാരിന്റെ പിടിപ്പുകേട് മൂലമാണ്. സർക്കാർ മേഖലയിലെ അധ്യാപകരെ ഒരു മാനദണ്ഡവും പാലിക്കാതെ തലങ്ങും വിലങ്ങും സ്ഥലംമാറ്റുകയാണ്. ഇത്തരത്തിലുള്ള സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യണം. ചില സ്വകാര്യ മാനേജർമാർ സർക്കാരിന്റെ ഒത്താശയോടെ അധ്യാപകരെ ക്രൂരമായി പീഡിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകനായിരുന്ന കെ കെ അനീഷ് മാസ്റ്റർക്ക് ജീവത്യാഗം ചെയ്യേണ്ടിവന്നത് ഇത്തരമൊരു സാഹചര്യത്തിലാണ് . വിദ്യാഭ്യാസ വകുപ്പാവട്ടെ ഇതുവരെ സമഗ്രമായ അന്വേഷണം നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടുണ്ടായ പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സമഗ്രാന്വേഷണം നടത്തണം. കുറ്റക്കാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണം. അധ്യാപകദ്രോഹ നടപടികൾ അവസാനിപ്പിക്കണമെന്ന് കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെടുന്നു.

*(2014 നവംബർ 8 ന് തിരുവനന്തപുരത്ത് ചേർന്ന കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി അംഗീകരിച്ചപ്രമേയം)*